(ഡി) കുഴൽ കിണറുകളുടെ ആഴം അവ നിർമ്മിക്കുന്ന പ്രദേശത്തിന്റെ ഭൂപ്രകൃതിയും ജലലഭ്യതയും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. കൊല്ലം, ആലപ്പുഴ ജില്ലകളിലെ ട്യൂബ് വെല്ലുകൾ ഏതാണ്ട് 200 മീറ്റർ ആഴത്തിലും പാലക്കാട് പോലെയുള്ള പാറപ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കാറുള്ളത് 150 മീറ്റർ ആഴത്തിലുമാണ്.

(ഇ) മഴയുടെ അളവ് കുറഞ്ഞതും അനിയന്ത്രിതമായ കുഴൽ കിണർ നിർമ്മാണവും ഭൂജല നിരപ്പും താഴുന്നതിന് കാരണമായിട്ടുണ്ട്. ഭൂജലവകുപ്പ് ഇതിലേയ്ക്കായി കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി എന്നിവയുടെ നടത്തിപ്പിലൂടെ ഭൂജല നിരപ്പ് ഉയർത്തി ഭൂജല ലഭ്യത വർദ്ധിപ്പിക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് സബ് സർഫസ് ഡൈക്കുകളും ചെക്ക് ഡാമുകളും കേന്ദ്ര സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്.

ബാവിക്കര റഗുലേറ്ററിന്റെ ഭരണാനുമതി

86 [273] ശ്രീ. ടി. സി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയോടനുബന്ധിച്ചിട്ടുള്ള ബാവിക്കര റഗുലേറ്ററിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; പുതിയ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പണി അരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പണി പൂർത്തീകരിക്കുമ്പോൾ എന്തു തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുകിട ജലസേചന വിഭാഗം കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്ന ബാവിക്കര റഗുലേറ്ററിന്റെ 21-5-2004-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ‌ടി.) 54/04/ജലവിഭവ പ്രകാരം 258 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഉത്തരവ് റ്റി.എസ്. നമ്പർ 6/സിഇ/04-05 (ഐ ആന്റ് എ) തീയതി 30-11-2004 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെണ്ടർ അംഗീകരിച്ചതിനുശേഷം മാത്രമേ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) എഗ്രിമെന്റ് വച്ച് പണി തുടങ്ങി 20 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തെണ്ടപ്പറമ്പ് പി.എച്ച്.സി.

87 [274] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ തെണ്ടപ്പറമ്പ് പി.എച്ച്.സി.-യ്ക്ക് മുൻവശം കുഴൽ കിണർ നിർമ്മിക്കുവാനുള്ള ആവശ്യം നടത്തിയത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്ര ഭൂജല വകുപ്പ് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ തെണ്ടപ്പറമ്പ് പി.എച്ച്. സി.-യ്ക്ക് മുൻവശം പഠനത്തിനായി ഒരു നിരീക്ഷണ കിണർ കുഴിക്കുവാൻ തീരുമാനിക്കുകയും പഞ്ചായത്തിന് അനുവാദം നൽകുകയും ചെയ്തു. എന്നാൽ നാട്ടുകാരുടെ എതിർപ്പുമൂലം പ്രസ്തുത തീരുമാനം ഉപേക്ഷിക്കേണ്ടിവന്നു.

പറവൂരിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ

88 [275] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറവൂരിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിന് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

പറവൂർ പൊഴിക്കര റഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾക്ക് 1999-ലെ നിരക്ക് പ്രകാരം 81 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2004-2005 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. 2004-ൽ നിലവിൽ വന്ന പുതിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ടി പ്രോജക്ട് നബാർഡ് സ്കീമിൽ (RIDFX) ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിള്ളി കരമനയാറുകളുടെ പ്രവാഹ ദൈർഘ്യം

89 [276] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറ് കരമനയാറ് എന്നിവയ്ക്ക് എത്ര കി. മീറ്റർ പ്രവാഹ ദൈർഘ്യം ഉണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly